compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 12
Tuesday, 12th May 2026

1201 മേടം 29
29th Medam 1201

1948 വൈശാഖം 22
22nd Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **19**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

DESU-TVM0TVRAL/44/2026-DFI 2 11/05/2026

ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 05/11/2025 ലെ DDTVM0TVRL/20121/2021-DFI C നം ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ ക്ഷീര വികസന യൂണിറ്റ് ഓഫീസിൻ്റെ പരിധിയിൽ ഉൾപ്പെട്ട കല്ലിംഗൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം T 213 (D) ആപ്കോസ് സമാപ്തികരിക്കുന്നതിന് തിരുവനന്തപുരം റൂറൽ ക്ഷീര വികസന യൂണിറ്റിലെ ഡയറി ഫാം ഇൻസ്ട്രക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചിട്ടുള്ളതാകുന്നു . പുനരുദ്ധരിക്കുവാൻ സാധ്യതയില്ലായെന്നു കരുതുന്ന ടി സംഘം സമാപ്തികരിക്കുന്നതിൽ എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയതോ അല്ലെങ്കിൽ ടി സംഘത്തെ സംബന്ധിച്ച എന്തെങ്കിലും അവകാശവാദങ്ങൾ /വിവരങ്ങൾ /രേഖകൾ എന്നിവ ബഹു സഹകാരികളുടെ പക്കൽ ഉള്ള പക്ഷം ആയതോ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ട് മാസങ്ങൾക്കകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണ്

ഒപ്പ്

ലിക്വിഡേറ്റർ

ഡയറി ഫാം ഇൻസ്ട്രക്ടർ
ക്ഷീര വികസന യൂണിറ്റ്
തിരുവനന്തപുരം റൂറൽ
തിരുമല പി ഒ
തിരുവനന്തപുരം 695006

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഡോ . കവിത എ)

നം. DDMPM/895/2024-C 2026 മേയ് 8

.

വിഷയം :- ക്ഷീരവികസന വകുപ്പ്- മലപ്പുറം -കൊണ്ടോട്ടി ബ്ലോക്ക്- പുന്നത്തോട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം. എം. 306 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം കൊണ്ടോട്ടി ക്ഷീര വികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ ഓഫീസിലെ 28/04/2026 ലെ മേൽ നമ്പർ ഉത്തരവ് .

2. കൊണ്ടോട്ടി ക്ഷീര വികസന ഓഫീസറുടെ DESU-MLP0KDY/44/2026-DFI നമ്പർ അന്വേഷണ റിപ്പോർട്ട് .

3. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 05/09/2024 ലെ DDDKER/2638/2023-C3 നമ്പർ സർക്കുലർ (സർക്കുലർ നം. 37/2024)

<u>ഉത്തരവ്</u>

കൊണ്ടോട്ടി ബ്ലോക്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന പുന്നത്തോട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം. എം. 306 (ഡി) ആപ്കോസിന്റെ നിലവിലുള്ള പ്രവർത്തനം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം കൊണ്ടോട്ടി ക്ഷീരവികസന ഓഫീസറെ നിയമിച്ചു കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സംഘത്തിന്റെ യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമായിട്ടില്ലെന്നും സംഘത്തിന്റെ പേരിൽ പാൽ സംഭരണം നടത്തുന്നില്ലെന്നും ആയതിനാൽ സംഘത്തിന്റെ തുടർ പ്രവർത്തനം സാദ്ധ്യമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിനും പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ രണ്ടാം പരാമർശപ്രകാരം ലഭിച്ച റിപ്പോർട്ട് അനുസരിച്ച് പുന്നത്തോട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം. എം. 306 (ഡി) ആപ്കോസ് പുനരുജ്ജീവിപ്പിക്കുന്നതിന് സാദ്ധ്യത നിലനിൽക്കുന്നില്ലെന്നും ആയതിനാൽ പ്രസ്തുത സംഘം സമാപ്തീകരിക്കാവുന്നതാണ് എന്നും ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ കൊണ്ടോട്ടി ബ്ലോക്കിലെ പുന്നത്തോട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം. എം. 306 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം കൊണ്ടോട്ടി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ യഥാസമയം ചുമതലയേറ്റെടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നില്ല എങ്കിൽ പരാമർശം 3 സർക്കുലർ നിർദ്ദേശപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ലിക്വിഡേറ്റർ ഉത്തരവ് തീയ്യതി മുതൽ 2 വർഷക്കാലയളവിനുള്ളിൽ സംഘത്തിൽ നിന്നും കൊടുത്തുതീർക്കേണ്ട എല്ലാ ബാദ്ധ്യതകളും കൊടുത്തുതീർക്കേണ്ടതും സംഘത്തിലേക്ക് വരേണ്ടവ യഥാസമയം തിരികെ ഈടാക്കി ആയത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാട്രഷറിയിലുള്ള പലിശരഹിത STSB അക്കൌണ്ടിൽ (STSB A/C No. 799011400006779) നിക്ഷേപിക്കേണ്ടതുമാണ് .ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ റിപ്പോർട്ടും സംഘത്തിന്റെ മുഴുവൻ രേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം (ഒപ്പ്)
മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : വിധു വർക്കി ഐ)

നം. DDMPM/20/2025-C 2025 മെയ് 10

.

വിഷയം :- ക്ഷീരവികസന വകുപ്പ്- മലപ്പുറം - അരീക്കോട് ബ്ലോക്ക് -ഐന്തൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. എം. 190 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയരക്ടറുടെ 21/06/2021 ലെ 124/2021 നമ്പർ കത്ത്.

2. അരീക്കോട് ക്ഷീരവികസന ഓഫീസറുടെ 02/05/2025 ലെ DESU-MLP0AKD/2/2025-C നമ്പർ റിപ്പോർട്ട്

.

3. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 05/09/2024 ലെ DDDKER/2638/2023-C3 നമ്പർ സർക്കുലർ (സർക്കുലർ നം. 37/2024)

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐന്തൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.എം. 190 (ഡി) ആപ്കോസ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള യാതൊരു സാദ്ധ്യതയും നിലനിൽക്കുന്നില്ല എന്ന് വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതായി പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് . പ്രവർത്തനരഹിതമായ സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയരക്ടർ പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ അരീക്കോട് ബ്ലോക്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐന്തൂർ ക്ഷീരോല്പാദക സഹകരണ സംഘം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലിപ്തം നം. എം . 190 (ഡി) ആപ്കോസ് - 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം സമാപ്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി അരീക്കോട് ഡയറി ഫാം ഇൻസ്ട്രക്ടറായ ശ്രീമതി നഷാത്ത് കെ-യെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

ലിക്വിഡേറ്റർ യഥാസമയം ചുമതലയേറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് . സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നില്ല എങ്കിൽ പരാമർശം 3 സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലിക്വിഡേറ്റർ ഉത്തരവ് തീയ്യതി മുതൽ രണ്ട് വർഷക്കാലയളവിനുള്ളിൽ സംഘത്തിൽ നിന്നും കൊടുത്തുതീർക്കേണ്ട എല്ലാ ബാദ്ധ്യതകളും കൊടുത്തുതീർക്കേണ്ടതും സംഘത്തിലേക്ക് വരേണ്ടവ യഥാസമയം തിരികെ ഈടാക്കി ആയത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള പലിശരഹിത STSB അക്കൌണ്ടിൽ (STSB A/C No. 799011400006779) നിക്ഷേപിക്കേണ്ടതുമാണ് . ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ അടങ്ങിയ റിപ്പോർട്ടും സംഘത്തിന്റെ മുഴുവൻ രേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം (ഒപ്പ്)
മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ: ഡോ . കവിത എ

നം. DDMPM/101/2022-C 2026 മെയ് 8

.

വിഷയം :- ക്ഷീര വികസന വകുപ്പ്- മലപ്പുറം - മലപ്പുറം ജില്ലയിൽ റെക്കോർഡുകൾ ലഭ്യമല്ലാത്തതും ദീർഘകാലമായി പ്രവർത്തനരഹിതമായി കിടക്കുന്നതുമായ കണ്ണമംഗലം-പടപ്പറമ്പ് വനിതാ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 196 (ഡി) ആപ്കോസ് - 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (2) ബി പ്രകാരം സമാപ്തീകരിച്ചു കൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ ഓഫീസിലെ 22/11/2023 ലെ DDMPM/10007/2021-C നമ്പർ ഉത്തരവ്.

2. ലിക്വിഡേറ്ററുടെ (ഡയറി ഫാം ഇൻസ്ട്രക്ടർ, വേങ്ങര) 07/04/2026 ലെ DESU-MLP0VGRA/11/2023-DFI നമ്പർ റിപ്പോർട്ട് .

<u>ഉത്തരവ്</u>

വേങ്ങര ബ്ലോക്കിന് കീഴിൽ 30/03/2005 തീയ്യതിയിൽ രജിസ്റ്റർ ചെയ്തതും ദീർഘകാലമായി പ്രവർത്തനരഹിതമായി കിടക്കുന്നതുമായ കണ്ണമംഗലം-പടപ്പറമ്പ് വനിതാ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 196 (ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം 1 ഉത്തരവ് പ്രകാരം വേങ്ങര ഡയറി ഫാം ഇൻസ്ട്രക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമല്ലെന്നും ആയതിനാൽ സംഘം പുന:പ്രവർത്തിക്കാൻ യാതൊരു സാദ്ധ്യതയും നിലനിൽക്കുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ വിവരിച്ച സാഹചര്യത്തിൽ മലപ്പുറം ജില്ലാ ക്ഷീര സഹകരണ സംഘം രജിസ്ട്രാർ എന്ന നിലയിൽ 1969 ലെ കേരള സഹകരണ സംഘം നിയമം സെക്ഷൻ 71 (2) ബി പ്രകാരം അനുവദിച്ചു തന്നിട്ടുള്ള അധികാരം ഉപയോഗിച്ച് കൊണ്ട് വേങ്ങര ബ്ലോക്കിൽ റെക്കോർഡുകൾ ലഭ്യമല്ലാത്തതും ദീർഘകാലമായി പ്രവർത്തനരഹിതമായി കിടക്കുന്നതുമായ കണ്ണമംഗലം-പടപ്പറമ്പ് വനിതാ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 196 (ഡി) ആപ്കോസ് സമാപ്തീകരിച്ചുകൊണ്ടും പ്രസ്തുത നിയമത്തിലെ വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദുചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം (ഒപ്പ്)
മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.12 04:26:58 +05:30